കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൽ.എം. പി5-273/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി .30.4.19

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2.1, ഭാഗം 3-ലെ 3.1,3.2 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ. കെ.എൽ.എം.പി.5-273/19 തീയതി:30.4.19

## കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.6.17 മുതൽ 9.1.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മാത്യൂ റോയി .കെ പി<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-01-19 മുതൽ 22-01-19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അമ്പിളി എം ഡി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.സോണിയ ജെ. സെബാസ്റ്റ്യൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മഞ്ജുള സാഗർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അംബികകുമാരി പി | 1.4.17മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീമതി.ഓമന ദേവദാസ് | 1.04.2017 മുതൽ 12.06.2017വരെ |
| | ശ്രീ. സുശീന്ദ്രൻ എസ് | 12.6.2017 മുതൽ 27.06.2017വരെ |
| | ശ്രീമതി. നസീമ വി .എഫ് | 28.6.2017 മുതൽ 31.3.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബിജു.എസ് | 1.4.17 മുതൽ 2.5.17 FN വരെ |
| | ശ്രീ. ഷിബു | 2.5.17 AN മുതൽ 5.6.17 വരെ |
| | ശ്രീ. നഹാസ് | 6.6.17 മുതൽ 17/6/17 വരെ |

| | | |
|---|---|---|
| | ശ്രീമതി.രജനി | 18.6.17 മുതൽ 15.7.17 വരെ |
| | ശ്രീമതി. സിന്ധു ആർ | 16.7.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.രേഷ്മ രവി | 1.4.17മുതൽ 4.10.17 വരെ |
| | ശ്രീമതി.അശ്വതി എസ് പ്രസാദ് | 5.10.17മുതൽ 29.10.17 വരെ |
| | ശ്രീ. സന്തോഷ് കുമാർ | 30.10.17മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീമതി.പ്രീതി.ബി.എസ് | 1.4.17 മുതൽ 31.3.18 വരെ |
| വി.ഇ.ഒ | ശ്രീ.സതീഷ് കുമാർ | 1.4.17 മുതൽ 31.3.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഗീത എസ് | 1.4.17 മുതൽ 16.6.17 വരെ |
| | ശ്രീമതി. ധന്യ കൃഷ്ണൻ | 16.6.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി ഓഫീസർ | ഡോ.ജിജിഭായ് | 1.4.17 മുതൽ 1.3.18 വരെ |
| | ഡോ. ജ്യോതിഷ് കുമാർ | 2.3.18 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.വിനോദ് | 1.4.17 മുതൽ 8.7.17 വരെ |
| | ഡോ. അനുപമ | 9.7.17 മുതൽ 14.9.17 വരെ |
| | ഡോ. സാബു | 15.9.17 മുതൽ 21.12.17 വരെ |
| | ഡോ. അനുപമ | 22.12.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.ഷൈലജ.എസ് | 1.4.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഉണ്ണികൃഷ്ണൻ ജി | 1.4.17 മുതൽ 31.3.18 വരെ |

| | | |
|---|---|---|
| എച്ച്.എം | ശ്രീ.ഭുവനേന്ദ്രൻ സി | 1.4.17 മുതൽ 31.3.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.വിനോദ്.അർ.എസ് | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ജിജ്ജ രാജ് | 1.4.17 മുതൽ 31.5.17 വരെ |
| | ഡോ. അജയൻ | 1.6.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ സിദ്ധാ | ഡോ. വിദ്യാ | 1.4.17 മുതൽ 31.5.17 വരെ |
| | ഡോ. ശ്രീകല | 1.6.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ധനവിനിയോഗം-നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു | 2-1 |
| 14 | ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില പഞ്ചായത്തിൽ മുതൽ കൂട്ടിയിട്ടില്ല | 2-2 |
| 15 | ലേലം സംബന്ധിച്ച് | 2-3 |
| 16 | ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം കൊണ്ട വ്യക്തികൾ വാടകക്കുടിശ്ശിക വരുത്തിയിട്ടുണ്ട് | 2-4 |
| 17 | സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില് | 2-5 |
| | ഭാഗം 3 | |
| 18 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-1 |
| 19 | കെട്ടിടം സജ്ജമാക്കുന്നതിനു മുൻപേ ഇൻവെർട്ടർ വാങ്ങി-നാളിതു വരെ സ്ഥാപിച്ചിട്ടില്ല;200000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 20 | വിവിധ പദ്ധതികൾക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 3-3 |
| 21 | ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല, 90000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 22 | കാലം തെറ്റി നടപ്പാക്കിയ മഴക്കാല പൂർവ്വ - മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിച്ചില്ല | 3-5 |
| 23 | മരുന്നു വാങ്ങൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല-തുക | 3-6 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 24 | വിശദമായ വിനിയോഗ രേഖകളില്ല,ചെലവു തുക-1500000/- തടസ്സപ്പെടുത്തുന്നു. | 3-7 |
| 25 | പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല, 9908951/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 26 | കുടിവെള്ള പദ്ധതിക്ക് ഭൂമി വാങ്ങൽ -നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 3-9 |
| | ഭാഗം.4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | അനുബന്ധം 1 – ഓഡിറ്റ് സാക്ഷ്യ പത്രം | |
| 39 | അനുബന്ധം 2 | |


## ഭാഗം 1

### പൊതു അവലോകനം

**1-1** ബജറ്റ്

28.03.2017 തീയതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23.01.2018 തീയതിയിലെ 3 (1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**1-2** വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 21.06.2018 | ---- | ---- |

**1-3** വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 21.06.2018 | No:KSAKLM/<br>P-5-1208/18 dt 9.7.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,44,98,310 |
| വരവ് | 13,59,39,532 |
| ആകെ | 19,04,37,842 |
| ചെലവ് | 14,12,08,671 |
| നീക്കിയിരിപ്പ് | 4,92,29,171 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 0 | 27762000 | 27762000 | 24890565 | 2871435 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 21950994 | 21950994 | 17029858 | 4921086 |
| വികസന ഫണ്ട്-ടി. എസ്.പി (ACR പ്രകാരം) | | 0 | 388842 | 388842 | 388842 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 14733000 | 14733000 | 14513179 | 219821 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5823000 | 5823000 | 5287725 | 535275 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 13150952 | 13150952 | 13108021 | 42931 |
| കെ.എൽ. എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 9406050 | 9406050 | 7245474 | 2160576 |
| സമ്പൂർണ്ണ ശുചിത്വം | | 158115 | 21691 | 179806 | --- | 179806 |
| PYKA | | 68394 | 9381 | 77775 | -- | 77775 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 11716331 | 11716331 | 11716331 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11639 | 919986 | 931625 | 917389 | 14236 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | --- | ---- | --- | ---- | -- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | --- | --- | --- | --- | --- |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1050000 | 4195798 | 5245798 | 4195798 | 1050000 |
| | ജില്ലാ പഞ്ചായത്ത് | 100000 | 4665547 | 4765547 | 3408067 | 1357480 |
| ബി ഫണ്ട് | | | 270000 | 270000 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 36769863 | 24895033 | 61664896 | 15670155 | 45994741 |
| | ട്രഷറി അക്കൗണ്ട് | 16339299 | 17434000 | 33773299 | 20926514 | 2846785 |
| Indian Bank Parippally | | 1000 | 153 | 1153 | --- | 1153 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 320 | 158041267 | 219 | 97664502 | 77 | 24 | 69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11639 | 919986 | 931625 | 917389 | 14236 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 11716331 | 11716331 | 11716331 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 263760 | 443 |
| കർഷകതൊഴിലാളി പെൻഷൻ | 3686300 | 342 |
| വിധവാ പെൻഷൻ | 24618200 | 2106 |
| വാർദ്ധക്യകാല പെൻഷൻ | 48251700 | 4078 |
| വികലാംഗപെൻഷൻ | 8470500 | 663 |
| 50 വയസ്സിൽ മുകളിലുള്ള അവിവിവാഹിതർ | 218400 | 22 |

**1-9** <u>ക്യാഷ് പരിശോധന</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.1.2019ന് കാഷ്യാറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,79,702/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ക്യാഷ് പരിശോധനാ വിവരം പ്രത്യേക ഖണ്ഡികയായി (2.1) ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-10** <u>ആഭ്യന്തരനിയന്ത്രണം</u>

ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം സുതാര്യമാണ്. ക്യാഷും ബാങ്കുമായുള്ള നിയന്ത്രണം കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ച നൽകിയിട്ടുണ്ട്.പ്രതിദിന കളക്ഷൻ അന്നേദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്.

ഫ്രണ്ട്ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. എന്നാൽ ഫ്രണ്ട്ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനുള്ള യോഗങ്ങൾ ഒന്നും തന്നെ കൂടിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിൽ തപാൽ നം, അപേക്ഷകന്റെ പേര് എന്നീ വിവരങ്ങളോടൊപ്പം സേവനത്തിന്റെ സ്വഭാവം,സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം ,ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി ,സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര് ,ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ് ഡയറി അപൂർണമാണ്.അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

**1-11** <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.5.18 | 3/18 | 16.5.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.05.2017 | 2012-13 -2016-17 | LPA (HQ)-II/8A /26/20/17 Dt. 17.6.2017 |

**1-12** <u>വാർഷികകണക്കുകളിലെ അപാകതകൾ</u>

ഖണ്ഡിക 1-3–ൽ പരാമർശിച്ചിട്ടുള്ള വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ റിപ്പോർട്ടിലെ താഴെ പറയുന്ന പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നു .

1. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ B4 ഷെഡ്യൂൾ പ്രകാരം ബാക്കി നിൽക്കുന്ന 25,30,593/-രൂപയിൽ 6,89,333/-രൂപ സംയുക്ത സംരംഭങ്ങൾക്കുള്ള പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടില്ല.

2.നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നം. 20220007840) നൽകിയ പണമാകാത്ത ചെക്കുകൾ (ചെക്ക് നം. 198033/05.05.2017 -500 രൂപ, ചെക്ക് നം. 198164/30.05.2017- 500രൂപ), കാലാവധി കഴിഞ്ഞിട്ടുള്ളത് (Stale Cheque), കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 46 പ്രകാരം ക്രമീകരണം നടത്തി Liability in respect of Stale Cheque എന്ന ശീർഷകത്തിൽ കാണിച്ചിട്ടില്ല.

3.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ Rp-40 ഷെഡ്യൂൾ പ്രകാരം 8,17,635/-രൂപ ഉണ്ടെങ്കിലും ഇത് ബാലൻസ് ഷീറ്റിൽ പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.സ്റ്റോക്ക് ഇൻ ഹാൻഡ് സംബന്ധിച്ച രജിസ്റ്റർ പ്രകാരം 31,584/-രൂപയുടെ സാധനങ്ങൾ തൻവർഷം വാങ്ങിയപ്പോൾ Rp-42 പ്രകാരം ചെലവ് 43,500 രൂപയാണ്. 11,500/-രൂപയുടെ നീക്കിയിരിപ്പ് ഇനം തിരിച്ച് കാണിച്ചിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ സ്റ്റേഷനറി സാധനങ്ങൾ ഉൾപ്പെട്ടതായി കാണുന്നു.

5.ഓണം അഡ്വാൻസ് ഇനത്തിൽ മുൻവർഷത്തേക്ക് ഉൾപ്പെടെ നൽകിയ 1,85,000/-രൂപയിൽ (18000+167000) തൻവർഷം ലെഡ്ജർ പ്രകാരം 1,85,000/-രൂപയും ലഭിച്ചതായി പറയുന്നുണ്ടെങ്കിലും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6.ലേല രജിസ്റ്റർ പ്രകാരം കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 4-ാം നമ്പർ കടമുറി ലേലം ഉറപ്പിച്ച് വാടകയ്ക്ക് നൽകിയ വകയിൽ ഡിപ്പോസിറ്റ് ഇനത്തിൽ ലഭിച്ച 60,000 രൂപ ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്താതെ Rent Advance എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7.കിട്ടാക്കടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (4 എച്ച്) പ്രകാരം കരുതൽ തുക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾ I-16)

8.Property Tax (Residential) – Current ഇനത്തിലുള്ള വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല.

9.Property Tax (Non-Residential) – Current ഇനത്തിലുള്ള വാർഷിക കണക്കുകൾ പ്രകാരമുള്ള കളക്ഷൻ തുക 31,74,303 രൂപയാണ്. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം ടി തുക 31,82,241/-രൂപയാണ്. വ്യത്യാസം 7938/-രൂപ.

10.Property Tax (Residential) – Arrear, Property Tax (Non Residential) – Arrear എന്നീയിനങ്ങളിലെ വാർഷിക കണക്കുപ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

11. വികസന ഫണ്ട് (ജനറൽ) ചെലവ് തുക എ.സി.ആറും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

12. ഓഡിറ്റ് റിക്കവറിയിനത്തിൽ 31,396 രൂപ വരവുണ്ടെങ്കിലും. AFS ൽ 2,972 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ധനവിനിയോഗം-നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിൽ 11.1.19 തിയതിയിൽ 2.40 ന് ക്യാഷ്യരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ക്യാഷ് പരിശോധനയിൽ , ഡേ ബുക്ക് പ്രകാരം 192752/- രൂപയാണ് ഉണ്ടായിരുന്നതെങ്കിലും ക്യാഷ് എണ്ണി തിട്ടപ്പെടുത്തിയപ്പോൾ 179702/- മാത്രമാണ് ബോദ്ധ്യപ്പെട്ടത് . (ഡേ ബുക്കിന്റെ പകർപ്പ് എടുത്തപ്പോൾ അടുത്ത വരവ് തുകയായ 255/- രൂപ കൂടി ഉൾപ്പെടുത്തിയ 193007/- രൂപയുടെ ഡേ ബുക്കിന്റെ പകർപ്പാണ് ലഭ്യമായത്). ക്യാഷ് പരിശോധനയിൽ 13050/- രൂപയുടെ കുറവ് ഉണ്ടായി എന്ന് ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച് രേഖാമൂലമുള്ള എൻക്വയറിക്ക് വിവിധ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് മറുപടി സമയബന്ധിതമായി നൽകുന്നതിന് സ്റ്റോക്കിൽ തപാൽ സ്റ്റാംപ് ഇല്ലായിരുന്നു. 12.1.2019 , 13.1.2019 എന്നി തീയതികളിൽ അവധി അയതിനാൽ വിവരാവകാശ അപേക്ഷകളിൽ മറുപടി സമയബന്ധിതമായി നൽകുന്നതിന് സ്റ്റാംമ്പ് വാങ്ങാൻ ചെക്ക് എഴുതി എടുക്കുന്നതിലെ കാലതാമസം പരിഗണിച്ച് ഫ്രണ്ട് ആഫീസിലെ തുക എടുത്ത് സ്റ്റാംമ്പ് വാങ്ങിയിനത്തിലും കമ്മ്യൂണിറ്റി ഹാളിലെ ശുചീകരണ തൊഴിലാളികൾക്ക് അടിയന്തിരമായി കൂലി കൊടുക്കേണ്ടതിനാൽ 11,050/- രൂപ തുകയും ഉടനെ തന്നെ സെൽഫ് ചെക്ക് എഴുതി പിൻവലിക്കാം എന്ന ധാരണയിൽ കൂലിയിനത്തിലും ചെലവഴിച്ചിരുന്നു. അയതിനാലാണ് തുകയിൽ കുറവ് വന്നത് . നിലവിൽ ഫ്രണ്ട് ആഫിസിലെ ആകെ കളക്ഷനായ 1,93,007/- രൂപ ബാങ്കിൽ അടവാക്കി രസീതിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് 2011 ലെ ചട്ടം 19(3) പ്രകാരം വിതരണത്തിനാവശ്യമായ തുക സെക്രട്ടറി ചെക്ക്/ബിൽ മുഖേന ട്രഷറിയിൽ നിന്നോ ബാങ്കിൽ നിന്നോ പിൻവലിക്കേണ്ടതാണ്. പഞ്ചായത്തിനുവേണ്ടി ലഭിച്ച തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കാതെ ഏതെങ്കിലും ചെലവിനുവേണ്ടി ഉപയോഗിക്കുവാൻ പാടുള്ളതല്ല. ധനവിനിയോഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച് രീതി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചട്ടലംഘനം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നു. ആവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടത്താണ്.
എൻക്വയറി നം. 2/11.1.19

## 2-2 ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില പഞ്ചായത്തിൽ മുതൽ കൂട്ടിയിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 56,000 /- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ലേലം സംബന്ധിച്ച്

2017-18 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ പാരിപ്പള്ളി പബ്ലിക്ക് മാർക്കറ്റിന് ഉള്ളിലെ കംഫർട്ട് സ്റ്റേഷനിൽ നിന്നും നിശ്ചിത നിരക്കിൽ ഫീസ് പിരിക്കുന്നതിനുള്ള അവകാശം 16-3-17 ൽ ശ്രീ. അനീഷ് , അനീഷ് ഭവൻ ഗോവിന്ദപുരം എന്ന വ്യക്തിയ്ക്ക് 55,700/- രൂപയ്ക്ക് 18.3.17 ലെ VI ാം നം. തിരുമാനം പ്രകാരം അംഗീകരിച്ച് നൽകിയതായി കാണുന്നു. ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം മുദ്രപത്രത്തിൽ അവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തി കരാർ വച്ചിട്ടില്ല. തുക ഒടുക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലേലതുക- 55,700/- രൂപ

ഒടുക്കിയത് - 10,000/- (11604108522/16.3.17)

30,000/-(11604110873/31.3.17)

ബാക്കി ഒടുക്ക് വരുത്തേണ്ട തുക = 15,700/-രൂപ

ലേല നിബന്ധന 7 പ്രകാരം ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം നിരതദ്രവ്യം ഒടുക്കിയ തുക കഴിച്ച് ബാക്കി തുക ഒടുക്കി രസീത് വാങ്ങണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും . ടിയാൻ 15,700/- രൂപ രസീത് നം. 117040111236/20.3.18 ലാണ് ഒടുക്കിയത്. ഒരു വർഷ ശേഷമാണ് തുക ഒടുക്ക് വരുത്തിയിരിക്കുന്നത്. ടി സാഹചര്യത്തിൽ ഇതിൻമേൽ ഒരു വർഷക്കാലയളവിലേക്കുള്ള പിഴ പലിശ 1,884/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം കൊണ്ട വ്യക്തികൾ വാടകക്കുടിശ്ശിക വരുത്തിയിട്ടുണ്ട്

കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം കൊണ്ട വ്യക്തികൾ വാടകക്കുടിശ്ശിക വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംഗ് കോപ്ലക്സിന്റെ പേര് | വാടകക്കാരന്റെ പേര്/വിലാസം | മുറി നം. | വാടക നിരക്ക് | കുടിശ്ശിക വരുത്തിയ കാലയളവ്/തുക |
|---|---|---|---|---|---|
| 1 | കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ് | വിജയൻ<br>ഗോപാലകൃഷ്ണ സദനം, നടയക്കൽ | 8(A) | 2073 | 4/17-3/18<br>12X2073=24876 |
| 2 | " | ടി വി പത്മാസനൻ<br>ഉഷസ് മന്ദിരം, ശങ്കരമംഗലം | 859 | 5572 | 7/17-3/18<br>9X5572=50148 |
| 3 | " | ശ്രീധരൻ എൻ<br>താന്നിവിള, പാരിപ്പള്ളി | 867 | 3486 | 4/17-3/18<br>12X3486=41832 |
| 4 | " | ടി.കെ ഭാസരൻ<br>സൂചിക്കഴികം<br>കോങ്ങാൽ. പരവൂർ | 876 | 7779 | 4/17-3/18<br>12X7779=93348 |
| 5 | " | ജയചന്ദ്രൻ<br>ജയമന്ദിരം, തെറ്റിക്കുഴി, പാരിപ്പള്ളി | C-1 | 2575 | 4/17-3/18<br>12X2575=30900 |
| 6 | " | ബൈജു<br>പത്മാലയം, പുത്തൻകുളം | C-2 | 1169 | 4/17-3/18<br>12X1169=14028 |
| 7 | " | സി. സവിത റോയി<br>കളത്രവീട്, കോട്ടയ്ക്കേറം, പാരിപ്പള്ളി | C-3 | 1671 | 4/17-3/18<br>12X1671=20052 |
| 8 | " | സി. സവിത റോയി<br>കളത്രവീട്, കോട്ടയ്ക്കേറം, പാരിപ്പള്ളി | C-4 | 1555 | 4/17-3/18<br>12X1555=18660 |
| 9 | " | പ്രിയ എസ് വി<br>ജയഭവൻ, തെറ്റിക്കുഴി,പാരിപ്പള്ളി | C-5 | 1230 | 4/17-3/18<br>12X1230=14760 |
| 10 | " | സി. സവിത റോയി<br>കളത്രവീട്, കോട്ടയ്ക്കേറം, പാരിപ്പള്ളി | C-8 | 1776 | 4/17-3/18<br>12X1776=21312 |
| 11 | " | സി. സവിത റോയി<br>കളത്രവീട്, കോട്ടയ്ക്കേറം, പാരിപ്പള്ളി | C-9 | 1776 | 4/17-3/18<br>12X1776=21312 |
| 12 | " | ബൈജു<br>പത്മാലയം, പുത്തൻകുളം | C-10 | 1170 | 4/17-3/18<br>12X1170=14040 |
| 13 | " | ജോഷ്<br>ഹരിനിവാസ്, ഹരിഹരപുരം | C-11 | 1475 | 4/17-3/18<br>12X1475=17700 |
| 14 | നടയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സ് | അബ്ദുൾ സലാം<br>ഫൈസൽ നിവാസ്, മേവനക്കോണം | 264-C | 811 | 4/17-3/18<br>12X811=9732 |
| 15 | " | അരുൺ ചാക്കോ<br>ചൈതന്യ, അട്ടതല | 264-D | 337 | 2/18-3/18<br>2X337=674 |

| | | | | | |
|---|---|---|---|---|---|
| 16 | “ | കര്യൻ പാപ്പച്ചൻ<br>വിസവില്ല, കാരംകോട് | 264-E | 811 | 4/17-3/18<br>12X811=9732 |
| 17 | “ | അനിൽ കമാർ പി കെ<br>വിജയ ഭവനം, നടയ്ക്കൽ, അട്ടതല | 264-H | 811 | 4/17-3/18<br>12X811=9732 |
| 18 | “ | സുധാകര കുറുപ്പ്<br>തിരുവാതിര, നടയ്ക്കൽ | 264-I | 811 | 6/17-3/18<br>10X811=8110 |
| 19 | കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ് (പുതിയത് )(FF) | ഷൈലൻ<br>ചരുവിളപുത്തൻ വീട് | A-7 | 2977 | 2/18-3/18<br>2X2977=5954 |
| 20 | “ | അശോകൻ പിള്ള<br>വാറുവിള, നടയ്ക്കൽ | A-8 | 2977 | 3/18<br>1x2977=2977 |
| 21 | “ | ഗണ്യ ജി കൃഷ്ണ<br>രാമകൃഷ്ണ വിഹാർ, കല്ലുവാതുക്കൽ | B-1 | 1874 | 12/17-3/18<br>4X1874=7496 |
| 22 | “ | അനീഷ് ജി എസ്<br>അനീഷ് ഭവൻ, സെറ്റിൽമെന്റ് കോളനി | B-2 | 3045 | 4/17-3/18<br>12X3045=36540 |
| 23 | “ | അഭിലാഷ് ഉണ്ണിത്താൻ<br>പിള്ളഴികത്ത് വീട്, നടയ്ക്കൽ | B-3 | 1874 | 12/17-3/18<br>4X1874=7496 |
| 24 | “ | അനീഷ് ജി എസ്<br>അനീഷ് ഭവൻ | B-8 | 2625 | 4/17-3/18<br>12X2625=31500 |
| 25 | “ | സുബി പരമേശ്വരൻ<br>സുനിൽ ഭവൻ, സെറ്റിൽമെന്റ് കോളനി | B-9 | 1995 | 4/17-3/18<br>12X1995=23940 |
| | | | | ആകെ | 5,36,851 |

ഇത സംബന്ധിച്ച് നൽകിയ എൻക്വയറി നം.( 7/18.1.2019) നൽകിയ മറുപടി അനസരിച്ച് മുറി നമ്പർ 876 ലെ കൈവശക്കാരനമായി കേസ് നിലനിൽക്കുകയാണ്. മറ്റ് കുടിശികക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. യഥാസമയം വാടക ഒടുക്കു വരുത്താത്തവരിൽ നിന്നും മുറി ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

II- നടയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 264 F, J, K , L , M , N , O , P , Q, R എന്നീ 10 എണ്ണം കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് വ്യാപാര സാദ്ധ്യത കുറഞ്ഞ പ്രദേശമായതിനാൽ കടമുറികൾ വാടകയ്ക്ക് എടുകുന്നതിന് ആവശ്യക്കാരില്ല. നിലവിൽ 4 മുറികൾ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗിന്റെ ആവശ്യത്തിനായി ഉപയോഗിക്കുന്നു എന്നും വിവരം അറിയിച്ചു. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## **2-5** <u>സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ല</u>

2017-18 വർഷം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഓരോ അർദ്ധ വർഷവും പഞ്ചായത്തിൽ ഒടുക്കേണ്ട സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ലെന്ന് തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപനതൊഴിൽ നികുതി ഒടുക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി., ചാത്തന്നൂർ ഡിവിഷൻ, പാരിപ്പള്ളി | I & II |
| 2 | കെ.എസ്.ഇ.ബി, പാരിപ്പള്ളി | I & II |
| 3 | ബി.എസ്.എൻ.എൽ , പാരിപ്പള്ളി | I & II |
| 4 | സൗത്ത് ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി | I & II |
| 5 | യു.കെ.എഫ്, പാരിപ്പള്ളി | I & II |
| 6 | ഫെഡറൽ ബാങ്ക്, പാരിപ്പള്ളി | II |
| 7 | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി | I & II |
| 8 | കേരള സംസ്ഥാന കാഷ്യൂ ഡവലപ്പ്മെന്റ് ബോർഡ് | II |
| 9 | എസ് ബി ഐ , പാരിപ്പള്ളി | I & II |
| 10 | ഹാരീസ് ഡയബെറ്റിക് & ഫർട്ടിലിറ്റി സെന്റർ | II |
| 11 | എസ് ബി ഐ , വേളമാന്നൂർ | I & II |
| 12 | കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി | II |
| 13 | ഇൻഡസ് ഇന്ത് ബാങ്ക് ലിമിറ്റ്സ് പാരിപ്പള്ളി | I & II |
| 14 | ഇൻഡസ് ഇന്ത്യ മാർക്കറ്റിംഗ് & ഫിനാഷ്യൽ സർവ്വീസ് പ്രൈ. ലി | II |

സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കണ്ടതാണ്. നികുതി ഡിമാന്റ് ചെയ്യു ഈടാക്കാതിരുന്നത് സംബന്ധിച്ച് സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങി നൽകേണ്ടതാണ്.

എൻക്വയറി നം. 5/16.1.19

## ഭാഗം-3

### ചെലവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 152/18(സ്പിൽ ഓവർ) |
| അടങ്കൽ | 19,50,000/- രൂപ |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 18,00,000/- രൂപ |
| ബിൽ നം/തീയതി | 5/5.7.17-1,50,000/- രൂപ |
| | 7/19.8.17-7,50,000/- രൂപ |
| | 8/27.8.17-4,50,000/-രൂപ |
| | 13/20.10.17-1,50,000/-രൂപ |
| | 28/27.3.18-3,00,000/-രൂപ |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഭൂമി വാങ്ങൽ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി ഇന്ദിര , ഊന്നിൻമൂട് വിള, പാരിപ്പള്ളി എന്നയാളുടെ മകനായ ശ്രീ. വേണുവിന് ഭൂമിവാങ്ങുന്നതിനായി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2010-11 വർഷം 75000 രൂപ അനുവദിച്ചിട്ടുണ്ട്. ശ്രീമതി ഇന്ദിരയ്ക്ക് 2011-12 വർഷം 5000 രൂപ ഭവന പുനരുദ്ധാരണത്തിന്റെ ആദ്യ ഗഡുവും അനുവദിച്ചിട്ടുണ്ട്. ഭവനപുനരുദ്ധാരണ ധനസഹായം കൈപ്പറ്റിയ ആൾക്ക് 2017-18 വർഷം വീണ്ടും ഭൂമി വാങ്ങാൻ ആനുകൂല്യം 1,50,000/- രൂപ അനുവദിച്ചത്

ശ്രദ്ധയിൽപ്പെട്ടു. ഇതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ , ശ്രീമതി ഇന്ദിരയുടെ മകൻ വേണുവിനാണ് ഈ രണ്ട് ആനുകൂല്യങ്ങളും നൽകിയതെന്നും കുടുംബ കാർഡിൽ നിന്നും വേണുവിന്റെ പേര് നീക്കം ചെയ്തിട്ടില്ലെന്നും പുതിയ റേഷൻകാർഡ് എടുത്തിട്ടില്ലെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

2010-11ൽ ഭൂമി വാങ്ങിയ ശ്രീ. വേണുവിന് 2011-12 വർഷം ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചത് അംഗീകരിക്കാൻ കഴിച്ചില്ല. വാസയോഗ്യവും എന്നാൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതുമായ വീടുണ്ടായിരുന്ന വ്യക്തിക്കാണ് വീണ്ടും ഭൂമി വാങ്ങാൻ ധനസഹായം അനുവദിച്ചിരിക്കുന്നത്.ബ്ളോക്ക് പഞ്ചായത്തിന്റെ ധനസഹായം കൂടി ചെലവഴിച്ച് അറ്റകുറ്റപ്പണികൾ ചെയ്ത വീട് വിറ്റതിന് ശേഷമാണ് പുതിയ വസ്തു വാങ്ങിയിരിക്കുന്നത്.

ധനസഹായം അനുവദിക്കുമ്പോൾ അത് അർഹർക്ക് തന്നെയാണ് ലഭിക്കുന്നതെന്നും കരാറിൽ സമ്മതിക്കും പ്രകാരം ആയവ കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നും നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

അർഹതയില്ലാത്ത രണ്ടു ഗുണഭോക്താവിന് അനുവദിച്ച ആനുകൂല്യം -1,50,000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം-4/19.01.2019

നിരാകരിച്ച തുക-1,50,000/-രൂപ

## 3-2 <u>കെട്ടിടം സജ്ജമാക്കുന്നതിനു മുൻപേ ഇൻവെർട്ടർ വാങ്ങി-നാളിതു വരെ സ്ഥാപിച്ചിട്ടില്ല;200000/-രൂപ തടസ്സപ്പെട്ടുത്തുന്നു.</u>

| | |
|---|---|
| പ്രോജക്ട്/നം | പി.എച്ച്.സിയ്ക്ക് ഇൻവെർട്ടർ വാങ്ങൽ-333/18 |
| അടങ്കൽ | 2,01,984/- രൂപ |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) |
| ചെലവ് | 2,00,000/- രൂപ |
| ബിൽ നം/തീയതി | 35/17-18;28.03.18 |
| നിർവഹണം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

പാരിപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പുതിയ കെട്ടിടത്തിലേയ്ക്ക് ഇൻവെർട്ടർ വാങ്ങുന്നതിനായി തിരുവനന്തപുരത്തെ പി.ഡബ്ള്യ.ഡി ഇലക്ട്രോണിക് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2,00,000/- രൂപ 28.03.2018ൽപി.ഡബ്ള്യ.ഡിയിൽ ഡെപ്പോസിറ്റ് ചെയ്തു. 5KVA ഇൻവെർട്ടറും 12വോൾട്ടിന്റെ 6 ബാറ്ററികളും സ്റ്റാന്റുമുൾപ്പെടെ 1,16,501/- രൂപയുടെ ഉപകരണങ്ങൾ 05.09.2018ൽ ആലപ്പുഴയിലെ അറ്റ് ലാന്റാ കമ്പ്യൂട്ടേഴ്സ് സപ്ളൈ ചെയ്തു. 83,499 രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11.06.2014ലെ ജി.ഒ(ആർ.ടി)1939/14/H&PWD നം ഉത്തരവ് പ്രകാരം പി.ഡബ്ള്യ.ഡിക്ക് നൽകിയ കെട്ടിടം പി.എച്ച്.സിയ്ക്ക് തിരികെ കൈമാറിയിട്ടില്ല. കെട്ടിടത്തിൽ ഇൻവെർട്ടർ സ്ഥാപിക്കുന്നതിനാവശ്യമായ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി കൊല്ലം ഇലക്ട്രിക്കൽ സബ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 29.10.18ലെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എച്ച്.എം.സി ഫണ്ടിൽ നിന്നും 26,000/-രൂപ 19.12.18ൽ പി.ഡബ്ള്യ.ഡി ബിൽഡിംഗ് ഡിവിഷനിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

ഉപകരണങ്ങൾ വാങ്ങിയ ശേഷം വയറിംഗിനു വേണ്ടി തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ സാഹചര്യവും

വാങ്ങിയ ഉപകരണങ്ങൾ നിലവിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ വിശദാംശങ്ങളും ആരാഞ്ഞു കൊണ്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ , ഇൻവെർട്ടർ വാങ്ങുന്നതിന് മാത്രമാണ് 2,00,000/-രൂപ പഞ്ചായത്ത് അനുവദിച്ചതെന്നും ഇൻസ്റ്റാൾ ചെയ്യാനാവശ്യമായ ഇലക്ട്രിഫിക്കേഷന വേണ്ട തുക എച്ച്.എം.സി ഫണ്ടിൽ നിന്നുമാണ് നൽകിയതെന്നും ഉപകരണങ്ങൾ ആശുപത്രിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാകാതെ തന്നെ അവ സ്ഥാപിച്ചു പ്രവർത്തിപ്പിക്കാനാവശ്യമായ ഇലക്ട്രിഫിക്കേഷൻ തുക ഡെപ്പോസിറ്റ് ചെയ്തതും ക്രമ രഹിതമാണ്. ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു. അവയുടെ ഗ്യാരന്റി/ വാറണ്ടി കാലയളവ് ഉപയോഗപ്പെടുത്താനാകാതെ വന്നിട്ടുള്ളതിനാൽ അയിനത്തിൽ പ്രവർത്തനമാരംഭിച്ച് വാറന്റി കാലയളവിന് തുല്യമായ കാലയളവിൽ അറ്റകുറ്റപ്പണിക്ക് തുക ചെലവാഴിക്കേണ്ടി വന്നാൽ അത് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്. ഇൻവെർട്ടർ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വിശദാംശങ്ങൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

എൻക്വയറി നം-11/21.01.2019

തടസ്സപ്പെടുത്തിയ തുക – 2,00,000/-രൂപ

### 3-3 വിവിധ പദ്ധതികൾക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

പാരിപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതികളിൽ ,വകയിരുത്തിയ മുഴുവൻ തുകകളും കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (അക്കൗണ്ട് നം-3624001800000019) 2017-18ൽ കൈമാറിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്/പ്രോജക്റ്റ് നം | പ്രൊ ഫോർമാ ഇൻവോയ്സ് നം/തീയതി | ചെലവ്/ഫണ്ടിനം രൂപ | ബിൽനം /തീയതി | ലഭിക്കാനുള്ള മരുന്നിന്റെ വില രൂപ |
|---|---|---|---|---|---|
| 1 | സാന്ത്വന പരിചരണ പരിപാടി -9/18 | 1,369/ 16.10.17 | 7,03,631/-വികസന ഫണ്ട്(പൊതു വിഭാഗം) | 15/21.11.17-5,29,543 രൂപ<br>28/28.03.2018-1,74,088 രൂപ | 1,16,323/- |
| 2 | പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ -27/18 | 2,166/ 16.11.17 | 3,00,000/-മെയിന്റനൻസ് ഫണ്ട്-(നോൺ റോഡ്) | 16/21.11.17<br>3,00,000/- | 1,15,638/- |
| 3 | അറുപതു വയസ്സിനുമേൽ പ്രായമുള്ള വൃദ്ധ ജനങ്ങൾക്ക് മരുന്നു വാങ്ങൽ-29/18 | 1,447/ 19.10.17 | 8,00,000/-വികസന ഫണ്ട്(പൊതു വിഭാഗം) | 10/07.11.17<br>8,00,000/- | 3,45,866 |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.മരുന്നുകളുടെ

അഭാവം പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് തടസ്സമാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എൻക്വയറി നം-11/21.01.2019

### 3-4 ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല,90000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | കിടാരി വളർത്തൽ(എസ്.സി) |
| പ്രോജക്ട് നം | 149/18 |
| അടങ്കൽ, ഫണ്ടിനം | 4,57,500/- രൂപ,<br>വികസന ഫണ്ട് (SCP) |
| ചെലവ് | 90,000/- രൂപ |
| ബിൽ നം/തീയതി | 15/28.03.18-82500/-<br>17/31.3.18-7500/- |
| നിർവഹണം | വെറ്റിനറി സർജൻ |

പട്ടിക ജാതിക്കാരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിര താമസക്കാരുമായ 61 ക്ഷീരകർഷകൾക്ക് കിടാരികളെ വാങ്ങാൻ 75% സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. 12 ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കിടാരികളെ വാങ്ങുകയും വിറ്റയാളുകളുടെ അക്കൗണ്ടുകളിലേയ്ക്ക് വെറ്റിനറി സർജൻ സബ്സിഡി തുക കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ കിടാരികളെ വാങ്ങിയവരുടെ ജാതി, വരുമാനം, സ്ഥിര വിലാസം തുടങ്ങിയവ തെളിയിക്കുന്ന രേഖകളും അപേക്ഷകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വെറ്റിനറി സർജൻ കൂടി ഉൾപ്പെടേണ്ട പർച്ചേസ് കമ്മറ്റി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാങ്ങിയ ഉരുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തിക്കൊണ്ടുള്ള പർച്ചേസ് കമ്മറ്റിയുടെ റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.അർഹത ഉറപ്പുവരുത്താൻ ആവശ്യമായ രേഖകളുടെ അഭാവത്തിൽ സബ്സിഡിയിനത്തിൽ ചെലവഴിച്ച 90,000/- രൂപ തടസ്സപ്പെടുത്തുന്നു.എൻക്വയറി പ്രകാരം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-16/22.01.2019

തടസ്സപ്പെടുത്തിയ തുക- 90,000/-രൂപ

### 3-5 കാലം തെറ്റി നടപ്പാക്കിയ മഴക്കാല പൂർവ്വ- മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിച്ചില്ല

മൺസൂൺകാലത്ത് കേരളത്തിൽ പകർച്ച വ്യാധികൾ പടർന്ന് പിടിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനാണ് മഴക്കാല പൂർവ്വ ശുചിത്വ കാമ്പയിൻ സംഘടിപ്പിച്ചിട്ടുള്ളത്. ടി ശുചിത്വ കാമ്പയിൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 16.3.2017-ലെ നം.127/17/ത.സ്വ.ഭ.വ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നിർദ്ദേശമനുസരിച്ച് വാർഡ് തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി വാർഡ് തലപ്രവർത്തന രേഖ തയ്യാറാക്കി പഞ്ചായത്ത് സമിതി, അനിവാര്യമായ ഭേദഗതികൾ ഉണ്ടെങ്കിൽ അംഗീകരിച്ച് കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും പകർപ്പ് ശുചിത്വ സമിതികൾക്ക് തിരികെ നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ച് കാണുന്നില്ല. മഴക്കാല പൂർവ ശുചിത്വ കാമ്പയിനുകളും പ്രവർത്തനങ്ങളും കൃത്യമായും സമയ ബന്ധിതമായും നടക്കുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പാക്കണമെന്നും, 2017 ജൂൺ 30-ന് മുൻപ് ചെലവഴിക്കപ്പെടുന്ന തുക മാത്രമേ മഴക്കാല പൂർവ ശുചീകരണത്തിന് ചെലവഴിക്കപ്പെട്ടതായി കണക്കാക്കുകയുള്ളൂവെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇവയൊന്നും പാലിച്ചിട്ടില്ല. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനത്തിനായി 23 വാർഡുകളിലേക്ക് 10,000/-രൂപ വീതം ആകെ 2,30,000/-രൂപ (വൗച്ചർ നം. 21700288/29.6.17) 2017 ജൂൺ 29-)ം തീയതി മാത്രമാണ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി ക്ക് നൽകിയത്. അതിനാൽ തന്നെ മൺസൂൺ ആരംഭിച്ചതിനു ശേഷമാണ് പ്രീ-മൺസൂൺ ശുചീകരണപ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാണ്.

1.സർക്കുലർ നിർദ്ദേശ പ്രകാരം വാർഡ് തല സമിതികൾ ചേർന്ന് പ്രവർത്തനരേഖ തയ്യാറാക്കിയതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ഹാജരാക്കിയ ചെലവ് രേഖകൾ പൂർണ്ണമല്ല.

3.പദ്ധതിയുടെ മോണിറ്ററിംഗ് ഒരു ഘട്ടത്തിലും നടത്തിയിട്ടില്ല.

4.മിക്ക ചെലവുകളും 2017 ഡിസംബർ മാസത്തിനു ശേഷമാണ് നടത്തിയിരിക്കുന്നത്.

5.മുൻ വർഷത്തെ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടതെങ്കിലും ഇത് പാലിച്ചിട്ടില്ല.

6.ക്ലീനിംഗ്, ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ എന്നിങ്ങനെ ചെലവ് രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ടെങ്കിലും ബ്ലീച്ചിംഗ്പൗഡർവാങ്ങിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| വാർഡ് നം. | ചെയ്ത പ്രവർത്തികൾ | ആകെ ചെലവായ തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | ഉറവിട നശീകരണം,കിണർ ക്ലോറിനേഷൻ | 10,000/- | 15.12.17 ൽ നടത്തിയ പ്രവൃത്തി |
| 2 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ, ലേബർ ചാർജ് | 10,000/- | 15.12.17 ൽ നടത്തിയ പ്രവൃത്തി |
| 3 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 10,000/- | 12.7.17 ശേഷം നടത്തിയ പ്രവൃത്തി |
| 4 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 10,000/- | 12.7.17 ശേഷം നടത്തിയ പ്രവൃത്തി |
| 5 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ, | 10,000/- | ജനുവരി 2018 ൽ നടത്തിയ പ്രവൃത്തി |
| 6 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 8559/-(1441/-രൂപ ചെലവഴിക്കാൻ ബാക്കി) | ജൂലൈ 2017 നു ശേഷം നടത്തിയ പ്രവൃത്തികൾ |
| 7 | ലേബർ ചാർജ് | 10,000/- | ജനുവരി 2018 ൽ നടത്തിയ പ്രവൃത്തി |
| 8 | ഉറവിട നശീകരണം | 10,000/- | ജനുവരി 2018 ൽ നടത്തിയ പ്രവൃത്തി |
| 9 | ഉറവിട നശീകരണം, വല വാങ്ങൽ(ബിൽ നം.025/9.3.18, 5145 | | ജനുവരി 2018 ൽ നടത്തിയ പ്രവൃത്തി |

| | | | |
|---|---|---|---|
| | രൂപ, എ1 ഫാബ്രിക്സ്) | | |
| 10 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ,<br>വല വിതരണം,<br>വല വാങ്ങൽ- നിറം ടെയ്ലറിംഗിൻെറ 5000/- രൂപയുടെ വൗച്ചർ | 10300/- | ജനവരി 2018 ൽ നടത്തിയ പ്രവൃത്തി |
| 11 | നോട്ടീസ് വിതരണം,<br>ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ,<br>വല വിതരണം,<br>വല വാങ്ങൽ (ബിൽനം.027/28.2.18, 5145 രൂപ, എ1 ഫാബ്രിക്സ്) | 16,500/- | മുൻവർഷം ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കിയുണ്ടായിരുന്ന 6500/-രൂപ 2017-18 വർഷം ജനവരി മാസം മുതൽക്ക് ചെലവഴിച്ചു. |
| 12 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ | 10,000/- | ജനവരി 2018 ൽ നടത്തിയ പ്രവൃത്തി |
| 13 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ, ജാഗ്രതാ സർവ്വേ,<br>മാലിന്യ നിർമ്മാർജ്ജനം | 10,000/- | ഒക്ടോബർ 2017 മുതൽ നടത്തിയ പ്രവൃത്തികൾ |
| 14 | ഉറവിട നശീകരണം | 10,585/- | 2018 ഫെബ്രുവരി മാസം മുതൽ നടപ്പാക്കിയ പ്രവൃത്തികൾ |
| 15 | ഉറവിട നശീകരണം | 10,000/- | ഒക്ടോബർ 2017 മുതൽ നടത്തിയ പ്രവൃത്തികൾ |
| 16 | ഉറവിട നശീകരണം | 10,000/- | തുക ലഭിച്ചത് 29.6.2017നാണെങ്കിലും പ്രവൃത്തികൾ 5/2017 മുതൽ 12/17 വരെ നടത്തി |
| 17 | ഉറവിട നശീകരണം | 10,000/- | ജൂലൈ 2017 മുതൽ ഒക്ടോബർ 2017 വരെ പ്രവൃത്തികൾ നടത്തി |
| 18 | ഉറവിട നശീകരണം | 10,000/- | ജൂലൈ 2017 മുതൽ സെപ്റ്റംബർ 2017 വരെ പ്രവൃത്തികൾ നടത്തി |
| 19 | ഉറവിട നശീകരണം | 10,000/- | ജനവരി 2018, ഫെബ്രുവരി 2018 എന്നീ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കി |
| 20 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ | 10,000/- | ജനവരി 2018, ഫെബ്രുവരി 2018, മാർച്ച് 20178എന്നീ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കി |
| 21 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ,<br>വല വാങ്ങൽ(ബിൽ നം.026/9.3.18, 5145 | 10,000/- | ജനവരി 2018, ഫെബ്രുവരി 2018 , മാർച്ച് 2018 എന്നീ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കി |

| | | | |
|---|---|---|---|
| | രൂപ, എ1 ഫാബ്രിക്സ്) | | |
| 22 | ഉറവിട നശീകരണം, റോഡ് സൈഡ് ക്ലീനിംഗ് | 10,000/- | ജനവരി 2018, ഫെബ്രുവരി 2018 എന്നീ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കി |
| 23 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 7,848/- | നവംബർ 2017, ജനവരി 2018 എന്നീ മാസങ്ങളിൽ പ്രവൃത്തി നടപ്പാക്കി |

മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ആവശ്യമായ തുക മെഡിക്കൽ ഓഫീസർക്ക് കൃത്യസമയം കൈമാറാത്തതിനാൽ ഗ്രാമപഞ്ചായത്ത് അധികൃതർക്കും ഈ വിഷയത്തിൽ
തുല്യ ഉത്തരവാദിത്തമാണുള്ളത്. കൂടാതെ ആകെ 2,28,937/-രൂപയുടെ വൗച്ചറുകൾ മാത്രമാണ് പരിശോധനക്ക ഹാജരാക്കിയത്. 6,208 /-രൂപയുടെ വൗച്ചറുകൾ ഹാജരാക്കാത്തതിനാൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സം-6,208 /-രൂപ

മഴക്കാല ശുചീകരണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായും പകർച്ചപ്പനി തടയുന്നതിനുമായും തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് 21.6.2017 തീയതിയിൽ 2096/2017; ത.സ്വ.ഭ.വ നമ്പർ ആയി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ യാതൊന്നും പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ , 1 ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും താല്ക്കാലികമായി നിയമിച്ച് അവരെക്കൂടി ഉൾപ്പെടുത്തി ടി കേന്ദ്രങ്ങളിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തനം നടത്തുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല.

2. കുടുംബശ്രീ പ്രവർത്തകരുടേയും ആശാവർക്കർമാരുടേയും പങ്കാളിത്തത്തോടെ ജൂൺ മാസം 27,28,29 തീയതികളിൽ തുടർച്ചയായ സംഘാടകത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതും ആയതിൽ മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണ് എന്ന നിബന്ധനയും പാലിച്ചിട്ടില്ല.

ചുവടെ പരാമർശിക്കുന്ന ചെലവുകൾ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിനു വിരുദ്ധമായി ഗ്രാമ പഞ്ചായത്ത് നേരിട്ട് മെയ് മാസവും ജൂൺ മാസം ആദ്യവും നടപ്പാക്കിയ മഴക്കാല പൂർവ്വശുചീകരണപ്രവർത്തനങ്ങളും ജൂലൈ മാസം നടപ്പാക്കിയ ശുചീകരണ പ്രവർത്തനങ്ങളുടേതാണ്.

1.വൗച്ചർ നമ്പർ 21700280/24.6.17 പ്രകാരം 1,96,700/-രൂപ വിവിധ വാർഡുകളിലായി മേൽ ഉത്തരവിനെ അടിസ്ഥാനമാക്കി ശുചീകരണപ്രവർത്തനങ്ങൾ നടത്തിയതിനു നൽകിയിട്ടുണ്ട് .എന്നാൽ വൗച്ചറുകളും മസ്റ്റർ റോളുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമായത് 2,3,4.9,15,18,19,20,23 എന്നീ വാർഡുകളിൽ 2017 ജൂൺ മാസം 4,5,6,7,8,9,10 എന്നീ തീയതികളിലും 1,5,6,7,8,10,12,14,16,21 എന്നീ വാർഡുകളിൽ 2017 മേയ് മാസം 24,25,26,27 എന്നീ തീയതികളിൽ മഴക്കാല പൂർവ്വശുചീകരണപ്രവർത്തനങ്ങൾ
നടത്തിയതിനാണ് തുക നൽകിയതെന്നാണ്.

2.വൗച്ചർ നം.21700310/5.7.17 പ്രകാരം 9340/-രൂപ വേളമാനൂർ വാർഡിൽ മാലിന്യം നീക്കം ചെയ്തതിന് ഒരാൾക്ക് 934 രൂപ വീതം 10 പേർക്ക് 9340/-രൂപ നൽകിയിട്ടുണ്ട് . മസ്റ്റർ റോളിൽ മാസമോ

തീയതിയോ രേഖപ്പെടുത്തിയിട്ടില്ല.

3.വൗച്ചർ നം.21700338/11.7.17 പ്രകാരം 1,62,630/-രൂപ 11 വാർഡുകളിൽ ജൂലൈ മാസം 1,2,3,4,5,6,7 തീയതികളിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തിയതിനു നൽകിയിട്ടുണ്ട്.
4.വൗച്ചർ നം.21700343/13.7.17 പ്രകാരം 1,33,380/-രൂപ 9 വാർഡുകളിൽ ജൂലൈ മാസം 1,2,3 തീയതികളിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തിയതിനു നൽകിയിട്ടുണ്ട്.

5.വൗച്ചർ നം.21700357/15.7.17 പ്രകാരം 44,460/-രൂപ ജൂലൈ 1,2,3 തീയതികളിൽ 3 വാർഡുകളിൽ ശുചീകരണപ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.
ക്രമ നമ്പർ 2, 3,4,5 എന്നിവയിലെ ചെലവുകൾ മേൽ പരാമർശിച്ച ഉത്തരവിനെ അടിസ്ഥാനമാക്കിയുള്ളതല്ലായെന്നും അവ എല്ലാ മാസവും ആവർത്തിച്ച് വരുന്ന ചെലവുകളാണെന്നും ഓഡിറ്റ് മനസ്സിലാക്കുന്നു.
സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ യഥാവിധി പാലിക്കാതെ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി നടപ്പാക്കിയ ശുചീകരണപ്രവർത്തനങ്ങളുടെ വൗച്ചറുകളും മറ്റു ശുചീകരണ പ്രവർത്തനങ്ങളുടെ വൗച്ചറുകളും ചെലവായി കാണിച്ച് സർക്കാർ ഉത്തരവ് എങ്ങനേയും നടപ്പാക്കുകയാണ് ചെയ്തതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട്/നം | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ-150/18 |
| അടങ്കൽ | 1,50,000/- രൂപ |
| ഫണ്ടിനം | വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 1,50,000/- രൂപ |
| ബിൽ നം/തീയതി | 2/17-18;21.10.17 |
| നിർവഹണം | വെറ്റിനറി സർജൻ |

അംഗീകൃത പ്രോജക്ടും ക്വട്ടേഷൻ നടപടികളുടെ വിശദാംശങ്ങളും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയവ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

തുക ചെലവഴിച്ചെങ്കിലും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-16/21.01.2019

## 3-7 വിശദമായ വിനിയോഗ രേഖകളില്ല,ചെലവു തുക-1500000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് :എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ

പ്രോജക്ട് നമ്പർ -4/2018

അടങ്കൽ-

വികസന ഫണ്ട്(പൊതുവിഭാഗം)-15,00,000/- രൂപ

ചെലവ്-15,00,000/- രൂപ

ബിൽനം-06/17-18;20.07.17

നിർവ്വഹണം:ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ആറ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം 15,00,000/- പിൻവലിച്ച് എസ്.എസ്.എയിൽ അടവാക്കിയിട്ടുണ്ട്. കൈപ്പറ്റു രസീതും തുക വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രവും ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.
പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.18/08/2012ലെ(എം.എസ്.)225/12/ത.സ്വ.ഭ.വ,16.11.2013ലെ (എം.എസ്)362/2013/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകൾ] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.

2.എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ് വിവരങ്ങൾ തയ്യാറാക്കിയത്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷങ്ങളിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം15 /22.01.19) മറുപടിയായി പതിനഞ്ചു ലക്ഷം രൂപ ചെലവഴിച്ചതിന്റെ സാക്ഷ്യപത്രമാണ് ഹാജരാക്കിയത്.തുക പൂർണ്ണമായും പഞ്ചായത്തിലെ സ്കൂളുകളിൽ ചെലവഴിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 15,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

എൻക്വയറി നം-15/22.01.19

തടസ്സപ്പെടുത്തിയ തുക-15,00,000/- രൂപ

## 3-8 <u>പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല, 9908951/- രൂപ തടസ്സപ്പെടുത്തുന്നു</u>

ഗ്രാമ പഞ്ചായത്തിലെ വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം | നിർവഹണം | പ്രോജക്ട് | ഫണ്ടിനം | ചെലവ്/<br>ബിൽ/<br>ചെക്ക് നം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | അസിസ്ററന്റ് സെക്രട്ടറി | മാടൻപൊയ്ക കുടിവെള്ള പദ്ധതി-ജില്ലാ പഞ്ചായത്ത് സംയുക്തം-237/18 | വികസന ഫണ്ട് (എസ്.സി.പി)-525000/-<br>ജില്ലാ പഞ്ചായത്ത് | 19.19.01.2018-525000/-<br>ചെക്ക് നം2812729/ 19.02.18-469882 | ഭൂജല വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | വിഹിതം-500000/- | | |
| 2 | " | ചെമ്പല്ലിക്കോണം കുടിവെള്ള പദ്ധതി-ജില്ലാ പഞ്ചായത്ത് സംയുക്തം-238/18 | വികസന ഫണ്ട് (എസ്.സി.പി)-525000/- ജില്ലാ പഞ്ചായത്ത് വിഹിതം-500000/- | 20/29.01.2018-525000/- ചെക്ക് നം2812728/19.02.18-467460 | " |
| 3 | | പുലിക്കുഴി കോളനി കുടിവെള്ള പദ്ധതി-ജില്ലാ പഞ്ചായത്ത് സംയുക്തം-236/18 | വികസന ഫണ്ട് (എസ്.സി.പി)-544874/- ജില്ലാ പഞ്ചായത്ത് വിഹിതം-500000/- | 18/29.01.2018-525000/- 25/13.03.18-16385 ചെക്ക് നം2812741/13.03.18-449293 | " |
| 4 | | മുതുപുറത്ത്കോളനി കുടിവെള്ള പദ്ധതി-ജില്ലാ പഞ്ചായത്ത് സംയുക്തം-240/18 | വികസന ഫണ്ട് (എസ്.സി.പി)-525000/- ജില്ലാ പഞ്ചായത്ത് വിഹിതം-500000/- | 21/29.01.2018-525000 ചെക്ക് നം2812730/13.03.18-344950 | " |
| 5 | | സെറ്റിൽമെന്റ് കോളനിയിൽ കുഴൽക്കിണർ നിർമ്മാണം-324/18 | വികസന ഫണ്ട് (എസ്.സി.പി)-250000/- ജില്ലാ പഞ്ചായത്ത് വിഹിതം-250000/- | 27/21.03.2018-250000/- | " |
| 6 | | വേളമാനൂർ അംബേദ്ക്കർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി-285/18 | വികസന ഫണ്ട് (എസ്.സി.പി) -50000/- | 26/22.03.2018-50000/- | " |
| 7 | ഹെഡ്മാസ്റ്റർ | കലാഗ്രാമം-ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ-199/18 | വികസന ഫണ്ട് (പൊതു വിഭാഗം)-100000/- | 2/22.2.18-100000/- | കൊല്ലം ജില്ലാ പഞ്ചായത്ത് |
| 8 | കൃഷി ഓഫീസർ | പൊലിയോ പൊലി 330/18 | വികസന ഫണ്ട്(പൊതു വിഭാഗം)-250000/- | 11/23.03.18-250000/- | " |
| 9 | വെറ്റിനറി സർജൻ | കന്നുകുട്ടി പരിപാലനം | വികസന ഫണ്ട്(പൊതു വിഭാഗം)-1875000/- | 7/31.1.18-187500/- 12/21.3.18-437500/- | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം,കൊല്ലം |
| 10 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ- | വികസന ഫണ്ട്(പൊതു വിഭാഗം)- | 16/23.08.17-200000 | കൊല്ലം ജില്ലാ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ-15/18 | 200000/- | | |
| 11 | " | ജീവനം-ഡയാലിസിസ്-ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ-14/18 | വികസന ഫണ്ട്(പൊതു വിഭാഗം)-100000/- | 55/15.03.18-100000/- | " |
| 12 | " | വേളമാനൂർ തെക്കുംകര കുടിവെള്ള പദ്ധതി-ജില്ലാ പഞ്ചായത്ത് സംയുക്തം-209/18 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)-400000/- ജില്ലാ പഞ്ചായത്ത് വിഹിതം-300000/- | 20/10.10.17-400000/- ചെക്ക് നം2771867/ 15.03.18-298000/- | ഭൂജല വകുപ്പ് |
| 13 | " | നടയ്ക്കൽ നെന്മേനി കുടിവെള്ള പദ്ധതി-ജില്ലാ പഞ്ചായത്ത് സംയുക്തം-208/18 | വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)-540751/- ജില്ലാ പഞ്ചായത്ത് വിഹിതം-500000/- | 37/11.1.18-510000/- 57/16.3.18-30751 ചെക്ക് നം2812743/ 16.03.18-442432/- | " |
| 14 | " | വേളമാനൂർ സബ് സെന്റർ കുഴൽക്കിണർ നവീകരണം-290/18 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) -400000/- | 58/23.3.18 -254598 | " |
| 15 | " | പൈപ്പ് ലൈൻ നീട്ടൽ-17/18 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)-1770250/- | 34/27.12.17 -1770200 | കേരളാ വാട്ടർ അതോറിറ്റി |
| 16 | " | മീനമ്പലം പൊയ്കവിള കോളനി-കോലത്ത് ഇടത്തറ വരെ പൈപ്പ് ലൈൻ പദ്ധതി-212/17 | വികസന ഫണ്ട്(എസ്.സി.പി)-200000/- | 27/23.11.17 -200000 | " |
| 17 | " | 85-നം അംഗനവാടി നിർമ്മാണം-വിഹിതം നൽകൽ-309/18 | വികസന ഫണ്ട്(പൊതു വിഭാഗം)-580000/- | 39/11.1.18 -580000/- | പൊതുമരാമത്ത് -കെട്ടിട വിഭാഗം |
| | | | ആകെ | 99,08,951/-രൂപ | |

തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറികൾക്കു

ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട ഏജൻസികൾക്ക് കത്തു നൽകിയിട്ടുണ്ടെന്നും ആയവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ പൂർത്തീകരണ/തുകകളുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കുന്നതു വരെ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 99,08,951 രൂപ തടസ്സപ്പെടുത്തുന്നു

എൻക്വയറി നം-3/14.1.19

4/19.1.19

9/19.1.19

15 /22.1.19

തടസ്സപ്പെടുത്തിയ തുക- 99,08,951/- രൂപ

**3-9** കുടിവെള്ള പദ്ധതിക്ക് ഭൂമി വാങ്ങൽ -നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട്/നം | കുടിവെള്ള പദ്ധതിക്ക് വസ്തു വാങ്ങൽ -210/18 |
| അടങ്കൽ | 60,00,000/- രൂപ |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് | 35,24,580/- രൂപ |
| ചെക്ക് നം/തീയതി | 2812746/16.03.18 |
| നിർവഹണം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

KIFBയിൽ ഉൾപ്പെടുത്തി കല്ലുവാതുക്കൽ,വെളിനല്ലൂർ ഗ്രാമ പഞ്ചായത്തുകളിലെ വരൾച്ച പരിഹരിക്കാൻ കുടിവെള്ള പദ്ധതിക്ക് വസ്തു വാങ്ങാൻ 2016-17ൽ ഒരു കോടി രൂപ വകയിരുത്തി രൂപീകരിച്ച പദ്ധതി അടങ്കൽ തുക അറുപതു ലക്ഷമാക്കി ചുരുക്കി 2017-18ലും തുടരുകയാണ്.

കല്ലുവാതുക്കൽ വില്ലേജിലെ ബ്ളോക്ക് 39ൽ റീ സർവേ 306/3,306/10,306/14ൽ പെട്ട 1.2ഏക്കർ ഭൂമിയിൽ 77സെന്റ് കുടിവെള്ള പദ്ധതിക്കായും ബാക്കി 43സെന്റ് ലൈഫ് മിഷൻ പദ്ധതിക്കായും ഏറ്റെടുക്കാൻ RFCLARR ആക്ട് 2013 പ്രകാരം 23.1.18ൽ ഉത്തരവായതാണ്.സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് എസ്.ഐ.എ യൂണിറ്റ് 2 ഐഡിയൽ കൺസൾട്ടൻസിയെ നിയമിക്കുകയും തുടർന്ന് 13.11.18ൽ യൂണിറ്റ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് 25.10.18ൽ കുണ്ടറ എൽ.എ.നം-2 സ്പെഷ്യൽ തഹസിൽദാർ സമർപ്പിച്ചിരുന്നെങ്കിലും സ്ഥലപരിശോധനയിൽ ഏറ്റെടുക്കേണ്ട ഭൂമിക്ക് സമവും സമാനവുമായ സ്ഥലങ്ങളുടെ ആധാരമല്ലാത്തതിനാൽ ന്യൂനത പരിഹരിക്കാൻ മടക്കുകയും ചെയ്തിരുന്നു.ന്യൂനത പരിഹരിച്ച് 19.11.18ൽ റിപ്പോർട്ട് നൽകുകയും 26.11.18ൽ ഡെപ്യൂട്ടി കളക്ടർ(എൽ.എ) സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു സെന്റ് ഭൂമിയുടെ വില 21,637/-രൂപയായി നിശ്ചയിച്ച് 1.12.18ൽ കൊല്ലം ജില്ലാ കളക്ടർ ഉത്തരവായതാണ്.

എസ്റ്റാബ്ളിഷ് മെന്റ് ചാർജ്ജുൾപ്പെടെ 35,24,580/-രൂപ കുണ്ടറ എൽ.എ.നം-2സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ , നെഗോഷ്യേറ്റ് ആക്ട് പ്രകാരം ഭൂമി വിട്ടു നൽകാൻ വസ്തു ഉടമ സമ്മതിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം ഫോറം7, ഫോറം 10 അടിസ്ഥാനത്തിൽ

ഗസറ്റ് വിജ്ഞാപനം നടത്തിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. തുടർ നടപടികൾ ത്വരിതപ്പെടുത്തുകയും വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

എൻക്വയറി നം/തീയതി-15/22.01.19

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 250000 | അംഗൻവാടി പോഷകാഹാരം | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 250000 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 2000000 | പാലിന് സബ്സിഡി | 2000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 250000 | ജയന്തികോളനി ഇടച്ചാലിൽ റോഡ് മെറ്റിലിംഗ് ടാറിംഗ് വാർഡ് 16 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 250000 | വാറുവിളമുക്ക് കുളത്തുർക്കോണം ഏലാറോഡ് റീടാറിംഗ് വാർഡ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 200000 | കോടക്കയം ജംഗ് ഷൻ മുതൽ ചക്രം വിള വരെയുള്ള റോഡ് കോൺക്രീറ്റിംഗ് റീച്ച് 2 വാർഡ് 3 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 42500 | വാണിജ്യ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി | 42500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 150000 | ഇളംകുളം എലാ പടി മുതൽ പടിഞ്ഞാട്ടത്തിൽ വാതുക്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 5 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 209025 | അളകനന്ദ മുട്ടപ്പാമ് റോഡ് കോൺക്രീറ്റിംഗ് വാർഡ് 14 | 209025 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 250000 | യെക്ഷിപ്പുര ചാമുണ്ഡീക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് വാർഡ് 19 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 194273 | കല്ലുവാതുക്കൽ ചിറക്കര റോഡിൽ നിന്നും ചെമ്പംകുളത്തേക്കുള്ള റോഡ് കോൺക്രീറ്റിംഗ് വാർഡ് 20 | 194273 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 60000 | എൻ എച് തെറ്റിക്കുഴി ലയത് വർക്ഷോപ് മണിഗീതം റോഡ് കോൺക്രീറ്റിംഗ് വാർഡ് 20 | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 90000 | മേല്പൂട്ട് വാതുക്കൽ തെങ്ങമം വരെയുള്ള റോഡ് കോൺക്രീറ്റിംഗ് വാർഡ് 21 | 90000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 138740 | അംഗൻവാടി പോഷകാഹാരം | 138740 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 300000 | ഭിന്ന ശേഷിയുള്ളകുട്ടികൾക്ക് സ്കോർഷിപ്പ് | 300000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 300000 | പാലിന് സബ്സിഡി | 0 | 300000 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 392530 | സമഗ്ര നെല് കൃഷി വികസനം | 392530 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 442432 | നടയ് ക്കൽ നെൻമേനി കുടിവെള്ള | 442432 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ-ജില്ലാ പഞ്ചായത്ത് സംയുക്തം | | |
| ജില്ലാപഞ്ചായത്ത് | 2017-2018 | 298000 | വേളമാനൂർ തെക്കംകര കുടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ-ജില്ലാ പഞ്ചായത്ത് സംയുക്തം | 298000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 449293 | പുലിക്കുഴി കോളനി കുടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ-ജില്ലാ പഞ്ചായത്ത് സംയുക്തം | 449293 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 469882 | മാടൻപൊയ്ക കുടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ-ജില്ലാ പഞ്ചായത്ത് സംയുക്തം | 469882 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 467460 | ചെമ്പല്ലിക്കോണം കുടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ-ജില്ലാ പഞ്ചായത്ത് സംയുക്തം | 189980 | 277480 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 344950 | മുതുമുത്ത് മുകൾ കോളനി കുടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ-ജില്ലാ പഞ്ചായത്ത് സംയുക്തം | 344950 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 340000 | 69 ാം നമ്പർ അംഗനവാടി കെട്ടിടനിർമ്മാണം | 0 | 340000 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 382260 | 82 ാം നമ്പർ അംഗനവാടി കെട്ടിടനിർമ്മാണം | 340000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-2018 | 340000 | 81 ാം നമ്പർ അംഗനവാടി കെട്ടിടനിർമ്മാണം | 0 | 340000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| PWD ഇലക്ട്രോണിക്സ് വിഭാഗം | കമ്മ്യൂണിറ്റിഹാളിലെക്ക് മൈക്ക് സെറ്റ് സ്ഥാപിക്കൽ | 61/17-18/ 17-3-18 | 100000 | 0 | 100000 |
| KWA | പൈപ്പ് ലൈൻ നീട്ടൽ | 34/17-18/27/12/17 | 1770200 | 0 | 1770200 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 44,46,49,54,/17-18 /31.3.18 | 70397 | 0 | 70397 |
| KSEB | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 29,38,48,53,17-18/28.3.18 | 3356451 | 0 | 3356451 |
| KSEB | സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം നൽകൽ | 17/17-18/31-12-17 | 155975 | 0 | 155975 |
| GWD | നടയ്ക്കൽ നെൻമേനി കുടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ-ജില്ലാ പഞ്ചായത്ത് സംയുക്തം | 37/17-18/11.1.18 | 37/17-18/11.1.18 | 0 | 510000 |
| | | 57/17-18/16-3-18 | 57/17-18/16-3-18 | 0 | 30751 |

| | | | | | |
|---|---|---|---|---|---|
| | | 2812743/16-3-18 | 2812743/16-3-18 | 0 | 442432 |
| GWD | വേളമാനൂർ തെക്കംകര കടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ- ജില്ലാ പഞ്ചായത്ത് സംയുക്തം | 20/17-18/10-10-17 ചെക്ക് നം. 2771867/15-3-18 | 400000<br>298000 | 0 | 400000<br>298000 |
| GWD | പുലിക്കുഴി കോളനി കടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ- ജില്ലാ പഞ്ചായത്ത് സംയുക്തം | 18/17-18/29-1-18 | 990678 | 0 | 990678 |
| GWD | മാടൻപൊയ്ക കടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ- ജില്ലാ പഞ്ചായത്ത് സംയുക്തം | 19/17-18/19.1.18<br>2812729/ 19-2-18 | 525000<br>469882 | 0 | 525000<br>469882 |
| GWD | ചെമ്പല്ലിക്കോണം കടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ- ജില്ലാ പഞ്ചായത്ത് സംയുക്തം | 20/17-18/29-1-18<br>2812728/19-2-18 | 525000<br>467460 | 0 | 525000<br>467460 |
| GWD | മുളപ്പുറത്ത് മുകൾ കോളനി കടിവെള്ള പദ്ധതിക്ക് ഗ്രൌണ്ട് വാട്ടറിൽ തുക ഡിപ്പോസിറ്റ് ചെയ്യൽ- ജില്ലാ പഞ്ചായത്ത് സംയുക്തം | 21/17-18/29-1-18<br>2812730/ 13-3-18 | 525000<br>344950 | 0 | 525000<br>344950 |
| GWD | വേളമാനൂർ അംബേദ്കർ പട്ടികജാതി കടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | 26/17-18/22-3-18 | 50000 | 0 | 50000 |
| PWD | 85 ാം നമ്പർ അംഗനവാടി കെട്ടിടനിർമ്മാണം -വിഹിതം നൽകൽ | 39/17-18/11-1-18 | 580000 | 0 | 580000 |
| GWD | സെറ്റിൽമെന്റ് കോളനിയിൽ കുഴൽ കിണർ നിർമ്മാണം | 40/17-18/12-1-18 | 250000 | 0 | 250000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | 726/2010/ തസ്വഭവ4/3/10 | 1,80,00,000 | 31,80,850 | 15,90,425 | | 15,90,425 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 29189664 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 594679 |
| ആകെ | 29784343 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 29784343 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക് | 01/12/2009 | 01/12/2019 | 1427666 | |
| 2 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 23/10/2014 | 23/10/2019 | 20000000 | |
| 3 | ഇൻഡ്യൻ ബാങ്ക് പാരിപ്പള്ളി | 04/03/2016 | 01/03/2019 | 5632470 | |
| 4 | എസ് ബി ഐ ചാത്തന്നൂർ | 01/03/2016 | 31/03/2018 | 2724207 | |
| ആകെ | | | | 2,97,84,343 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 31,396/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-2016 | 3.9 | 1134 | ICDS സൂപ്പർ വൈസർ | 570875/1.06.2017 സബ് ട്രഷറി ചാത്തന്നൂർ |
| 2015-16 | 3.11 | 2972 | ‘’ | 117040102128/10.6.2017 സബ് ട്രഷറി ചാത്തന്നൂർ |
| 2016-17 | 2.3 | 4250 | ബീന റഹിം , പാരിപ്പള്ളി | 110401003946/24.08.17 |
| 2015-16 | 3.1 | 23040 | ഷീജ, എൽ എസ് ജി ഡി എ ഇ | 10802344/15/2/2018 സബ് ട്രഷറി ചാത്തന്നൂർ |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3(7) | 2010-11 | 5.2.5 | തൊഴിൽ പരിശീലനം തുക തിരിച്ചടവ് | തുക തിരിച്ചടച്ചു |
| 2008-09 | 3(3) | 2011-12 | 2.4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം | തുക തിരിച്ചടച്ചു |
| 2002-03 | 3(1) | 2006-07 | 3.11.7 | നിക്ഷേപ വേലകൾ പൂർത്തിയിട്ടില്ല | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടുണ്ട് |
| 2015-16 | 2(3) | 2016-17<br>2014-15 | 3.8<br>5-7 (7) | ഒരു നില പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയ ശേഷം 3 നില കെട്ടിടം പണിഉയർത്തി<br>പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | നിലനിൽക്കുന്നു<br>,, |
| 2015-16 | 2(2) | 2016-17 | 3.13 | അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ചു നൽകി | നിലനിൽക്കുന്നു |

**4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**(ബി)** സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,32,42,894 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,85,12,033 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,884 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,50,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,18,55,159 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-ഇല്ല

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-3 | 1,884 | | ശ്രീമതി നസീമ വി എഫ്, സെക്രട്ടറി |
| 3-1 | | 1,50,000 | ശ്രീമതി.സിന്ധു,അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,00,000 | ഡോ. അനുപമ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-4 | 90,000 | ഡോ.സി.ജെ.ജിജിഭായി , വെറ്റിനറി സർജൻ |
| 3.5 | 6,208 | ശ്രീമതി നസീമ വി എഫ്, സെക്രട്ടറി |
| 3-6 | 1,50,000 | ഡോ.സി.ജെ.ജിജിഭായി , വെറ്റിനറി സർജൻ |
| 3-7 | 15,00,000 | ശ്രീമതി നസീമ വി എഫ്, സെക്രട്ടറി |
| 3-8 | 99,08,951 | 4785981-നസീമ വി എഫ്, സെക്രട്ടറി |
| | | 4147970-ശ്രീമതി.സിന്ധു, അസിസ്റ്റന്റ് സെക്രട്ടറി |
| | | 100000-ശ്രീ.ഭുവനേന്ദ്രൻ.സി, ഹെഡ് മാസ്റ്റർ |
| | | 250000-ശ്രീമതി.ധന്യ കൃഷ്ണൻ, കൃഷി ഓഫീസർ |
| | | 625000-ഡോ.സി.ജെ.ജിജിഭായി ,വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നസീമ വി എഫ്, സെക്രട്ടറി | സെക്രട്ടറി, കല്ലുവാതുക്കൽ | വാഴവിള വീട് , പയ്യകോട് , ഒയൂർ |

| | | |
|---|---|---|
| ശ്രീമതി.സിന്ധു, അസിസ്റ്റന്റ് സെക്രട്ടറി | അസി. സെക്രട്ടറി, കല്ലുവാതുക്കൽ | സൗപർണിക, വടക്കേവിള, കൊല്ലം |
| ശ്രീമതി.ധന്യ കൃഷ്ണൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കല്ലുവാതുക്കൽ | വൈഷ്ണവം, അരയിൽ, പകൽകുറി, പള്ളിക്കൽ |
| ശ്രീ.ഭുവനേന്ദ്രൻ.സി, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ഗവ. എൽ പി എസ്, പാരിപ്പള്ളി | ഭുവനേന്ദ്ര വിലാസം, വിളവൂർക്കോണം, കല്ലുവാതുക്കൽ |
| ഡോ.സി.ജെ.ജിജിഭായി ,വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, കല്ലുവാതുക്കൽ | ജോ ദീപ്തി , ഇളക്കത്തറ, തിരുവനന്തപുരം |
| ഡോ. അനുപമ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), പാരിപ്പള്ളി | MRA 902 CC 96/334 (C) , സരസ്വതി ലൈൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ എസ് എ കെ എൽ എം-പി 5/413(1)/18, തീ 20.3.18 |
| 1998-99 | കെ എസ് എ കെ എൽ എം-പി 5/413(2)/18, തീ 20.3.18 |
| 1999-00 | കെ എസ് എ കെ എൽ എം-പി 5/413(3)/18, തീ 20.3.18 |
| 2000-01 | കെ എസ് എ കെ എൽ എം-പി 5/413(4)/18, തീ 20.3.18 |
| 2001-02 | കെ എസ് എ കെ എൽ എം-പി 5/413(5)/18, തീ 20.3.18 |
| 2003-04 | കെ എസ് എ കെ എൽ എം-പി 5/413(6)/18, തീ 20.3.18 |
| 2004-05 | കെ എസ് എ കെ എൽ എം-പി 5/413(7)/18, തീ 20.3.18 |
| 2005-06 | കെ എസ് എ കെ എൽ എം-പി 5/413(8)/18, തീ 20.3.18 |
| 2006-07 | എൽ.എഫ്.ക്യൂ.പി 1/1237(12)/14 തീയതി, 20-06-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി 1/1237(13)/14 തീയതി, 20-06-14 |
| 2008-09 | എൽ.എഫ്.ക്യൂ.പി 1/526/15 തീയതി, 12-3-15 |
| 2009-10 | എൽ.എഫ്.ക്യൂ.പി 1/2550/2014 തീയതി,11-12-14 |
| 2010-11 | എൽ.എഫ്.ക്യൂ.പി 1/2501/14 തീയതി, 8-12-14 |
| 2011-12 | എൽ.എഫ്.ക്യൂ.പി 1/2761/14 തീയതി, 19-1-15 |
| 2012-13 &2013-14 | എൽ. എഫ്. ക്യൂ. പി 1/496/15, തീ 14-5-15 |
| 2014-15 | കെ.എസ്എ.കെഎൽഎംപി1/2273/15,തീ04.01.2016 |
| 2015-16 | കെ.എസ്എ.കെഎൽഎം/പി1/218/17തീ 06.02.17 |
| 2016-17 | കെ.എസ്എ.കെഎൽഎം/പി 5-1168/17 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം.പി5-273/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി –30.4.19

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-2

### സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ്,കൊല്ലം